ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണഅധിക ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ – ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

<u>ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/54/2021/ബി1 തീയതി. 21/06/2021</u>

| | | |
|---|---|---|
| വിഷയം :- | | ജീവനക്കാര്യം – ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സ്ഥലംമാറ്റ/തസ്തികമാറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം :- | 1. | ചെയിൻമാൻ ശ്രീ.ശശി.ഒ-യുടെ 08/04/2021 തീയതിയിലെ അപേക്ഷ. |
| | 2. | ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 26/04/2021 തീയതിയിലെ ബി1/264/2020/എസ്.ഇ നമ്പർ കത്ത്. |

ഹാർബർ എഞ്ചിനീയറിംഗ് കൊയിലാണ്ടി സബ് ഡിവിഷനിലെ ലസ്കർ തസ്തികയിലെ ജീവനക്കാരൻ വകുപ്പ് വിട്ടു പോയതുമൂലം നിലവിൽ വന്ന ഒഴിവിലേയ്ക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിലെ ചെയിൻമാൻ ശ്രീ. ശശി.ഒ പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിലെ ചെയിൻമാൻ ശ്രീ. ശശി.ഒ-യെ ടിയാന്റെ അപേക്ഷ പ്രകാരം ലസ്കർ തസ്തികയിലേയ്ക്ക് 23000-50200/- രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റം അനുവദിച്ച് ഹാർബർ എഞ്ചിനീയറിംഗ് കൊയിലാണ്ടി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയറുടെ
പൂർണ്ണ അധിക ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

ശ്രീ.ശശി. ഒ,
ചെയിൻമാൻ(ഓഫീസ് മേധാവി മുഖേന)

<u>പകർപ്പ്</u> :
1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ, വെള്ളയിൽ (ശ്രീ. ഒ. ശശിയ്ക്ക് തസ്തികമാറ്റം നൽകിയതുമൂലം നിലവിൽ വന്ന ചെയിൻമാൻ തസ്തികയിലെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് ).
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊയിലാണ്ടി
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട്
4. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്
5. സ്റ്റോക്ക് ഫയലിലേയ്ക്ക്/വെബ്സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr